(എ) ഓരോ ഇനത്തിലും ലഭിച്ച വരുമാനം (31/1/2000 വരെ തുക കോടിയിൽ)

ഇനം	1995-96	96-97	97-98	98-99	99-2000
വിൽപ്പനനികുതി	2285.96	2772.28	3084.09	3366.62	2749.38
എക്സൈസ് നികുതി	449.29	418.53	543.41	529.62	470.89
സ്റ്റാമ്പ്ഡ്യൂട്ടി	239.33	237.20	206.42	219.09	195.97
കാർഷികാദായ നികുതി	26.08	12.10	21.38	27.02	7.49
വാഹന നികുതി	222.87	247.59	301.63	350.30	431.00

(ബി) ഓരോ ഇനങ്ങളിലും സ്വരൂപിക്കാൻ ലക്ഷ്യമിട്ടിരുന്ന തുക (കോടിയിൽ)

ഇനം	1995-96	96-97	97-98	98-99	99-2000 31/1/2000 വരെ
വിൽപ്പനനികുതി	1930.00	2500.00	3276.00	3828.00	3453
എക്സൈസ് നികുതി	370.02	250.00	418.55	614.25	675.06
സ്റ്റാമ്പുഡ്യൂട്ടി	340.00	296.00	345.00	340.00	277.11
കാർഷികാദായ നികുതി	27.00	28.35	30.60	26.00	25.00
വാഹന നികുതി	164.73	225.00	343.00	425.00	431.00

(സി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ ഓരോന്നിലും മുൻവർഷത്തേക്കാൾ അധികമായി ലഭിച്ച തുകയുടെ കണക്ക്.

ഇനം	1995-96	96-97	97-98	98-99	99-2000
വിൽപ്പന നികുതി	23%	(+) 21%	(+) 11%	(+) 9%	
എക്സൈസ് നികുതി	(+) 25.69%	- 9.31%	+ 12.98%	-9.74%	
സ്റ്റാമ്പ്ഡ്യൂട്ടി	+5.8%	-0.9%	-14.9%	+6.13%	
കാർഷികാദായ നികുതി	+51%	-54%	77%	+ 26%	
വാഹന നികുതി	--	+11.10%	+12.18%	+11.60%	

20 (330) വ്യയനിയന്ത്രണം

<u>പ്രൊഫ. എ.വി. താമരാക്ഷൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വ്യയനിയന്ത്രണം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അതിനായി എന്തെങ്കിലും പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത ഉത്തരവിൽ ഉള്ളത്;

(ഡി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ് ഇതേ രീതിയിലുള്ള ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടായിരുന്നോ; വിശദാംശം വെളിപ്പെടുത്താമോ;

(ഇ) നിലവിലുണ്ടായിരുന്നെങ്കിൽ വീണ്ടും ഇതേ സ്വഭാവത്തിലുള്ള ഒരു ഉത്തരവ് കൂടി പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വ്യയനിയന്ത്രണത്തിനായി സർക്കാർ വിവിധ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. അവ കർശനമായി നടപ്പിലാക്കാൻ വേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പുതിയ ഉത്തരവുകൾ പ്രകാരം തസ്തിക സൃഷ്ടിക്കുക, പുതിയ സബ്സിഡികൾ അനുവദിക്കുക, പുതിയ വാഹനം വാങ്ങുക, പുതിയ പൊതുമേഖലാ സ്ഥാപനം തുടങ്ങുക, എന്നിവയ്ക്ക് കർശനമായ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ഉദ്യോഗസ്ഥന്മാർക്കും മുൻകൂർ അനുമതിയോടെയുള്ള ഒഴിവാക്കാനാകാത്ത ഡൽഹി വിമാനയാത്രയൊഴികെ മറ്റെല്ലാ വിമാന യാത്രകളും നിരോധിച്ചിട്ടുണ്ട്. വിദേശ യാത്രയും നിരോധിച്ചിട്ടുണ്ട്.

(ഡി) നിലവിലുണ്ടായിരുന്നു. 18.4.98-ലെ സർക്കാർ ഉത്തരവ് (പി) നം. 1379/98 ധന. 15.6.98-ലെ സർക്കാർ ഉത്തരവ് (പി) 1589/98 ധന. എന്നിവയാണ്.

(ഇ) ഒരു വ്യയനിയന്ത്രണ ഉത്തരവ് നിലവിലിരിക്കെ വീണ്ടും വ്യയനിയന്ത്രണ ഉത്തരവ് പുറപ്പെടുവിക്കുന്നത് നിലവിലുള്ള നിയന്ത്രണങ്ങൾക്കു പുറമേ അധിക നടപടികൾ ആവശ്യമായി വന്നത് ബോദ്ധ്യപ്പെട്ടതിനാലാണ്.

21 (331) നികുതിയിനത്തിൽ പിരിച്ചെടുക്കാനുള്ള തുക

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000-മാണ്ടിൽ വിൽപ്പന നികുതി, കാർഷികാദായ നികുതി എന്നീ ഓരോ ഇനത്തിലും എന്തു തുക വീതം പിരിച്ചെടുക്കാം എന്നാണ് ഗവൺമെന്റ് പ്രതീക്ഷിച്ചിരിക്കുന്നത്;

(ബി) യഥാർത്ഥത്തിൽ ഇതുവരെ എന്തു തുക പിരിച്ചെടുത്തു;

(സി) വിൽപ്പനനികുതി പിരിവിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്;

(ഡി) സംസ്ഥാനത്ത് വാഹനങ്ങളുടെ ഉപയോഗം കുറഞ്ഞിട്ടുണ്ടോ;

(ഇ) വിലവർദ്ധനയ്ക്ക് ആനുപാതികമായി നികുതിപിരിവ് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly